പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6303 31/10/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

# വിവിധ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ : | ഡോ. എം.കെ. മുനീർ : (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും വൃദ്ധസദനങ്ങൾക്കും അവയുടെ സുഗമമായ പ്രവർത്തനത്തിന് രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് നൽകിവരുന്ന സഹായങ്ങൾ വ്യക്തമാക്കുമോ; | (എ) ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്നവർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറും വൃദ്ധസദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡുമാണ് രജിസ്ട്രേഷൻ നൽകുന്നത്. പ്രസ്തുത സ്ഥാപനങ്ങളിലെ ഒരു അന്തേവാസിക്ക് പ്രതിമാസം 250 /- രൂപ നിരക്കിൽ ഇത്തരത്തിലുള്ള 154 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്.<br>അന്ധവിദ്യാർത്ഥികൾക്കും ബധിര വിദ്യാർത്ഥികൾക്കും സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്ന സ്കൂളുകളിൽ പഠനം, താമസം, ഭക്ഷണം എന്നിവ സൗജന്യമായി നൽകിവരുന്നു. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സാധാരണ സ് കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരം സഹായം നൽകിവരുന്നു. മാനസികമായ വെല്ലുവിളി കൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ധനസഹായം നൽകിവരുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ഭൗതിക | (ബി) ടി സ്ഥാപനങ്ങളിലെ ഭൗതിക |

| | |
|---|---|
| ചുറ്റുപാടും പ്രവർത്തന ശൈലിയും നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും നിലവിലുള്ള സർക്കാർ സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ? | ചുറ്റുപാടുകൾ, പ്രവർത്തനരീതികൾ ഇവയെ ക്കുറിച്ചുള്ള അതാത് ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നത്. വിദ്യാഭ്യാസവകുപ്പിലെ ജില്ലാതല ഓഫീസർമാർ എല്ലാ വർഷവും ഓരോ സ്കൂളും സന്ദർശിച്ച് പരിശോധന നടത്താറുണ്ട്. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പി.ഡബ്ള്യു.ഡി. ആക്ട് /റൂൾസ് പ്രകാരം രജിസ്ട്രേഷൻ നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ് ട്രക്ഷൻ (അക്കാദമിക്) നെ അധികാരപ്പെടുത്തിയിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ